**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6363** **10-11-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര ശിക്ഷാ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, തുല്യത ഉറപ്പ വരുത്തുക എന്നീ കൈറ്റിന്റെലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സമഗ്ര ശിക്ഷാ കേരളം പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിത വിജയം, ഉല്ലാസഗണിതം, ശാസ്ത്രകൗതുകം, ശാസ്ത്ര പാർക്കുകൾ, ശാസ്ത്രപഥം, ഭൂമിശാസ്ത്രലാബ്, ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളുമായി മെന്ററിംഗ് പ്രവർത്തനങ്ങൾ, സ്കൂൾടിന്നിംഗ് പ്രോഗ്രാം, ടാലന്റ് ലാബ്, ശാസ്ത്രകിറ്റ്, ഗണിതകിറ്റ്, സാമൂഹ്യശാസ്ത്രലാബ്, ശാസ്ത്രോത്സവം, ഗണിതോത്സവം, ജൈവ വൈവിധ്യഉദ്യാനങ്ങൾ, നൂതനാശയ പ്രവർത്തനങ്ങൾ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ, പഠനോത്സവം, ശാസ്ത്ര-ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ, സർഗവിദ്യാലയ പരിപാടി, കുഞ്ഞുവായന, വായനകാർഡുകൾ ക്വിസ് പ്രോഗ്രാം , ഗണിതലാബ്, ക്ലാസ്സ് ലൈബ്രറി, ഇക്കോക്ലബ്ബ്, നൈതികം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അധ്യാപകർക്ക് വൈദഗ്ധ്യം, പരിശീലനം തൊഴിൽശാലകളുമായി ചേർന്നുള്ള പ്രായോഗിക പരിശീലനം, തൊഴിൽ നൈപുണ്യ പഠനത്തിന് സ്കൂൾ ലാബുകളിൽ അടിസ്ഥാന ഉപകരണങ്ങൾ ഉറപ്പാക്കൽ, തൊഴിൽ വിദഗ്ധരും കുട്ടികളുമായുള്ള സംവാദങ്ങൾ ,തൊഴിൽ ശാലകളിൽ സന്ദർശനം, കുട്ടികൾക്കുള്ള ഓൺ ദി ജോബ് പരിശീലനങ്ങൾ, സ്വയം തൊഴിൽ സംരംഭക ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഇതിലൂടെ കുട്ടികൾക്ക് തൊഴിൽസംസ്കാരത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. തുല്യത ഉറപ്പ വരുത്താനായി നാട്ടരങ്ങ്, ഭിന്നശേഷി വിഭാഗം |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ, സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ, കരിയർഗൈഡൻസ് & കൗൺസലിംഗ് പ്രവർത്തനങ്ങൾ, റസിഡൻഷ്യൽ ഹോസ്റ്റലുകൾ സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആയോധന കലകളിൽ പരിശീലനം, നാടകക്കളരി, ജ്വാല, കൗമാര വിദ്യാഭ്യാസം, വെളിച്ചം, നിർഭയ-സ്വയം പ്രതിരോധ പരിശീലനം, യുവതരംഗം തുടങ്ങി പ്രവർത്തനങ്ങൾ നടപ്പിലാക്കി. |
| (ബി) | വിദ്യാർത്ഥികളുടെ പഠനതാല്പര്യവും അന്വേഷണാത്മകതയും ഉദ്ദീപിപ്പിക്കുന്നതിനായി ആവിഷ്കരിച്ച ശാസ്ത്രപഥം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ജീവിതത്തിൽ ഗണിതശാസ്ത്രത്തിന്റെ സ്വാധീനം ബോധ്യപ്പെടുത്താനുതകുന്ന പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചി വളർത്തുന്നതിനും പഠനതാല്പര്യവും അന്വേഷണാത്മകതയും ഉദ്ദീപിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിപാടിയാണ് ശാസ്ത്രപഥം. ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനേജ്മെൻറ് ശാസ്ത്രം എന്നീ മേഖലകളിൽ വിദഗ്ദ്ധരുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ പരിപാടിയിലൂടെ കുട്ടികൾക്ക് ലഭ്യമായത്. ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളുമായി സഹകരിച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഓരോ സ്കൂളിൽ നിന്നും തെരഞ്ഞടുത്ത കുട്ടികൾക്ക് ജില്ലാ തലത്തിൽ മൂന്ന് ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പുകളും സംസ്ഥാനതലത്തിൽ അഞ്ച് ദിവസത്തെ ക്യാമ്പും 'ഐസർ' തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. കൂടാതെ ശാസ്ത്രസ്ഥാപനങ്ങൾ സന്ദർശി ക്കുന്നതിനുള്ള അവസരവും,കുട്ടികൾക്ക് വിദഗ്ധരുടെ പ്രഭാഷണങ്ങൾ, ശാസ്ത്രജ്ഞൻമാരുമായുള്ള സംവാദങ്ങൾ, പ്രബന്ധാവതരണം, ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്തു പരിചയപ്പെടൽ തുടങ്ങി നിരവധി കഴിവുകൾ കുട്ടികൾക്ക് ശാസ്ത്രപഥം പരിപാടിയിലൂടെ ലഭ്യമായി. നിത്യജീവിതത്തിൽ ഗണിതശാസ്ത്രത്തിന്റെ സ്വാധീനം ബോധ്യപ്പെടുത്തുന്നതിനുതകുന്നതിനായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കെ-ഡിസ്കുമായി സഹകരിച്ചു നടപ്പിലാക്കിയപരിപാടിയാണ് ഗണിതോത്സവം, 6,7,8 ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ പങ്കെടുപ്പിച്ചാണ് ഈ പരിപാടി നടപ്പിലാക്കിയത്. സംസ്ഥാനത്തെ 1500 ഓളം കേന്ദ്രങ്ങളിൽ 3 ദിവസങ്ങളിലായി ഗണിതോത്സവം സംഘടിപ്പിച്ചു. |
| (സി) | പാർശ്വവൽകൃത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനത്തിൽ പിന്തുണ നൽകുന്നതോടൊപ്പം സമൂഹത്തിന്റെ | (സി) | പാർശ്വവൽകൃത വിഭാഗത്തിലെ കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് പ്രാദേശിക |

| | | | |
|---|---|---|---|
| | മുഖ്യധാരയിലെത്തിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | പ്രതിഭാകേന്ദ്രങ്ങൾ,ഊരുവിദ്യാകേന്ദ്രങ്ങൾ, സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ,ടാലന്റ് ലാബ് പ്രവർത്തനങ്ങൾ തുടങ്ങിയവ. ഈ വിഭാഗത്തിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്ന പ്രവർത്തന ങ്ങളാണ് നാട്ടരങ്ങ്. ഇതിന്റെ ഭാഗമായി അവസ്ഥാപഠനം, നോൺ റസിഡൻഷ്യൽ ക്യാമ്പ്,അക്കാദമിക പിന്തുണ എന്നിവ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ